23. Mr. T. A. Ramachandra Ayyar.
24. Mr. P. Raman Menon.
25. Dr. A. R. Menon.
26. Mr. A. Sankara Menon.
27. Mr. K. S. Panickar.
28. Mr. M. A. Sankunny.
29. Mr. P Sankunny Menon.
30. Miss. G. M. D'souza.
31. Mr. Shabdai S. Koder.
32. Mr. M. Sivarama Menon.
33. Mr. P. C. Varckey.
34. Mr. A. V. Moothedan.
35. Mr. R. Viswanathan Chettiyar.
36. Mr. C. S. Viswanatha Ayyar.
37. Mr. H. J. Walmesley.

Neutral:— Mr. K. Kunhirama Menon.

Mr. President.— 37 for, and 14 against. The motion is therefore carried.

5. Exemption from Stamp and Registration Regulations of kychits surrendering lands for Panchayat Works.

*മിസ്റ്റർ ടി. കെ. നായർ.—"പഞ്ചായത്തു പണികൾക്കായി ഉടമസ്ഥന്മാർ വിലക്രൂടാതെ സ്ഥലം ഒഴിഞ്ഞു തരുന്നതായ അവസരത്തിൽ അവരോട്ട വാങ്ങുന്ന കച്ചീട്ടുകൾ മുദ്രപത്രത്തിൽ എഴുതി റജിസ്ട്രാക്കി ക്കേണ്ടതാണെന്നുള്ള ഇപ്പോഴത്തെ നിയമത്തെ മാറ്റി മുൻനടപടിയെ തന്നെ തുടരേണ്ടതാണെന്ന് ഈ സഭ ഗവൺമെൻറിനോട്ട ശുപാർശ ചെയ്യുന്നു."

സർ, ഈ പ്രമേയത്തെപ്പറ്റി വലുതായ പ്രസംഗമൊന്നും ചെയ്യേണ്ട ആവശ്യമില്ല. സുമാർ ഒന്നര കൊല്ലത്തിനു മുമ്പ് ചീഫ് കോർട്ടിൽ നിന്നുണ്ടായ ഒരു വിധിമൂലം പഞ്ചായത്തു പണിക്കായി—പൊതു ആവശ്യത്തിനു റോഡുണ്ടാക്കുന്നതിനായി—ഉടമസ്ഥന്മാരിൽനിന്ന് ഒഴമുറി വച്ചു വാങ്ങുന്നതായ കച്ചീട്ടിന്ന് പ്രാബല്യമില്ലെന്ന കാരണത്താൽ അന്നുമുതൽ ഇങ്ങിനെ വാങ്ങുന്നതായ സ്ഥലം മുദ്രപത്രത്തിലെഴുതി റജിസ്ട്രാക്കി വാങ്ങേണ്ടതാണെന്ന ഒരു സർക്കുലർ എല്ലാ പഞ്ചായത്തുകാർക്കും കിട്ടി. സാധാരണയായി പഞ്ചായത്തു പണികൾ നടത്തിവന്നിരുന്നതായ മുഴുവൻ സ്ഥലങ്ങളും വിലകൊടുത്തു വാങ്ങീട്ടുള്ളതല്ല. വിലകൊടുത്തുവാങ്ങി പണികൾ നടത്തുകയായിരുന്നുവെങ്കിൽ ഇന്നുള്ളതിൽ നാലിലൊരു ഭാഗം റോഡ് പഞ്ചായത്തിൽ ഉണ്ടാകയില്ല. പ്രസിഡണ്ടോ കൌൺസിലർമാരൊ പരിചയമുള്ള ആളുകളെ പലതും പറഞ്ഞു മന

* Speech not corrected by the Hon. Member.

LIBRARY ARCHIVES Kerala Legislative Assembly

സ്സിലാക്കി പൊതു ആവശ്യത്തിന്നുവേണ്ടി അവരുടെ പക്കൽനിന്നും കച്ചീട്ടിന്മേൽ സ്ഥലംമാത്രം ഒഴിഞ്ഞുവാങ്ങി ഇങ്ങിനെ കൊച്ചീ രാജ്യത്തു് പഞ്ചായത്തു റോഡുകൾ ഉണ്ടാക്കിയിരിക്കെ, ഈ നിയമതടസ്ഥം ഉണ്ടെന്ന കാരണത്തിന്മേൽ ഈ മാതിരി ഒരു സ്കീമർ ഗവമ്മെൻറിൽ നിന്നും നടപ്പാക്കുവാൻ ധൈര്യമുണ്ടായതിൽ ഞാൻ അത്യന്തം അത്ഭുതപ്പെടുന്നു. ഈ സക്കുലർ നടത്തുവാനുണ്ടായ ഗവമ്മെൻറിന്റെ മനസ്ഥിതിയെപ്പറ്റി അത്ഭുതപ്പെടാതെ തരമില്ല. ഇതിൽ ഗവമ്മെൻറിന്റെ നയമെന്താണു്? വസ്തു ഉടമസ്ഥന്മാരുടെ പക്കൽനിന്നു് ഈവക പണികൾക്കായി സ്ഥലം വിലക്രുടാതെ ഒഴിഞ്ഞുപോങ്ങുന്നതു് അപ്രമാണമാണെന്നാണൊ? അങ്ങിനെയാണെങ്കിൽ ഇന്നത്തെ സക്കുലർ അതിനു പറ്റിയതു തന്നെ. അതല്ല, നാട്ടുകാക്കു ഉപകാരം വരണമെന്നുണ്ടെങ്കിൽ കഴിയുന്നതും വേഗം ഈ ആർഡർ മാറ്റണം.

എന്റെ പരിചയത്തിൽ—സുമാർ അഞ്ചുകൊല്ലത്തോളം ഞാൻ ഒരു പഞ്ചായത്തു പ്രസിഡണ്ടാണു്—ഈ റഗുലേഷൻ വരുന്നതുവരെ അനവധി സ്ഥലം ഞാൻ കച്ചീട്ടിൻപേരിൽവാങ്ങി റോഡുണ്ടാക്കീട്ടുണ്ടു്. ഈ സക്കുലർ വന്നുകഴിഞ്ഞിട്ടു് ഒരിഞ്ചു സ്ഥലമെങ്കിലും കച്ചീട്ടുമൂലം വാങ്ങുവാൻ സാധിച്ചിട്ടില്ല. ആരുടെ ചിലവിലാണു് റജിസ്ട്രാക്കേണ്ടതു് എന്നു ഡിപ്പാർട്ടുമെൻറിലേക്കു് എഴുതി ചോദിച്ചപ്പോൾ കക്ഷികളുടെ ചിലവിന്മേലാണു് റജിസ്ട്രാക്കേണ്ടതു് എന്നാണു് മറുപടി കിട്ടിയതു്. ഇങ്ങിനെയുള്ള അഴിമതി ഗവമ്മെൻറിന്റെ ദൃഷ്ടിയിൽ കൊണ്ടുവരണമെന്നു എനിക്കു വിചാരമുള്ളു.

Mr. M. Sivarama Menon.—Sir, I beg to second the motion. I, as Chairman of the Ernakulam Municipality, have been getting kychits from different parties and during the past 9 years about 6 acres of land have been so got surrendered to the Municipality without getting documents registered. We have made a certain form for kychits in Malayalam: "നിങ്ങളുടെ ഭൂമിയുടെ ഇന്ന ഭാഗംകൊണ്ടു് ഇത്ര സെന്റ് സ്ഥലം വിലക്രുടാതെ റോഡ് ആവശ്യത്തിന്നായി കൌൺസിലിലേയ്ക്കു വിട്ടൊഴിഞ്ഞു് ഇതിനു മുമ്പു് കൈവശം കൊടുത്തിട്ടുണ്ടല്ലൊ. എന്നാൽ ആ ഭൂമിയിൽ നിൽക്കുന്ന താഴെ വിവരിക്കുന്ന വൃക്ഷങ്ങൾക്കു് ഈ കൌൺസിലിൽ നിന്നും നിശ്ചയിക്കുന്ന വില നിങ്ങൾക്കു് തരുന്നതാണെന്നു് ഇതിനാൽ നിങ്ങളെ അറിയിക്കുന്നു.....ഈ നോട്ടീസ്സിൽ പറഞ്ഞിരിക്കുന്നതു് ഞങ്ങൾ സമ്മതിച്ചിരിക്കുന്നു."

That is the exact wording. Such a kychit is taken from the parties and that is forwarded to the Diwan Peishkar. But with regard to the Kanam tenants there was a legal difficulty for which also I am trying to get exemption from the Government. If Government should insist upon people going to the Registry

LIBRARY ARCHIVES Kerala Legislative Assembly

offices to execute kychits in favour of the Government for the purpose of opening roads, it is certainly not in the interests of Government. If there is any such circular and if Government now feels that it is not proper procedure, Government may exempt such kychits from the operation of the stamp Regulation.

മിസ്റ്റർ കെ. കുഞ്ഞുരാമമേനോൻ.— സർ, എന്റെ നിയോജകമണ്ഡലത്തിലും ഏകദേശം (ൻ കൊല്ലത്തെ പരിചയം എനിക്ക പഞ്ചായത്തിലുള്ളതാണ്.) ഈ സ്ക്കീമിനു ശേഷം കച്ചീട്ടിന്മേൽ ഒരു സ്ഥലമെങ്കിലും കിട്ടീട്ടില്ല. അതുകൊണ്ട് ഇതിനു ഒരു നിവാരണമുണ്ടാക്കണമെന്ന് ഞാനും ഗവമ്മെൻറിനോട് അപേക്ഷിച്ചുകൊള്ളുന്നു.

Mr. T. S. Narayana Ayyar.—Sir, this matter has not been finally decided so far as Government are concerned. The attention of Government was drawn to a recent ruling of the Chief Court that kychits if unregistered would be invalid. These are to be considered in the nature of gifts. If they are gifts they must be registered. But they are exempt from Stamp duty. These kychits while they are exempt from stamp duty, have got to be registered. To be valid, they have to be registered. I think Government are justified in insisting upon registration, as that furnishes the only test of the genuineness of the transfer. Some parties who had promised to give a surrender of lands may retract their promise later on. Therefore as a guarantee of the genuiness of the gift it is thought necessary to insist upon registration. Then the question is who should pay, the parties or the Government? I agree that it is a legitimate complaint that persons who execute free kychits in favour of Government should be asked to pay for registration. This is a matter which will be conidered by Government.

മിസ്റ്റർ ടി. കെ. നായർ.— സർ, പ്രധാനമായിട്ടുള്ള കഷ്ടപ്പാട് റജിസ്ട്രേഷൻ ഫീയെ സംബന്ധിച്ചുള്ളതല്ല. അതു പ്രസിഡണ്ടുമാരോ മെമ്പർമാരോ അവരുടെ കയ്യിൽനിന്നു കൊടുക്കാം. ഒരു കുടുംബത്തിലുള്ള അംഗങ്ങളെയൊക്കെ റജിസ്ട്രാപ്പീസിലേക്കു കൊണ്ടുപോയി സ്ഥലം ഒഴിഞ്ഞുതരുവാൻ സാധിക്കുമോ എന്നാണ് ആലോചിക്കേണ്ടതു്. ഈ സംഗതി ഗവമ്മെൻറു പ്രത്യേകിച്ചു്. ആലോചിക്കേണ്ടതാണ്. ഗവമ്മെൻറിനോട് ആവശ്യപ്പെടുകയാണെങ്കിൽ ഗവമ്മെൻറു സ്ഥലമെടുക്കുകയുമില്ല; അവക്കു പണം കിട്ടുകയുമില്ല. അതുകൊണ്ട് ഗവമ്മെൻറിനു സൌകര്യമുണ്ടെങ്കിൽ ഈവക ബുദ്ധിമുട്ടിനു് ഒരു മാർഗ്ഗം കണ്ടുപിടിച്ചു്, പഞ്ചായത്തിനെ സഹായിക്കുക.

മിസ്റ്റർ ടി. എസ്സ്. നാരായണയ്യർ.—ഈ വിഷയത്തിൽ ഗവമ്മെൻറു് എന്തെങ്കിലും ചെയ്യുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly

Mr. President.—The Registrar may be made to go to the party's house and have it registered. In any case until the Government decides one way or the other Government will pay the registration fees.

Mr. T. K. Nayar.—Thank you. Sir, I beg leave of the House to withdraw my resolution.

Resolution was, by leave, withdrawn.

Mr. President.—The House now stands adjourned till 11 O'clock tomorrow.

Mr. E. Ikkanda Warriar.—Sir, we have the Road Board election now.

Mr. President.—Yes, it will be conducted by the Secretary to the Legislative Council after the meeting is adjourned. Hon'ble Members may stay on till that is over. But the House will be technically adjourned.

The House rose for the day at 5. *p. m.*

B. V. KRISHNANKUTTY MENON,

Secretary to the Council.

LIBRARY ARCHIVES Kerala Legislative Assembly